**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **01-09-2022 - ൽ മറുപടിയ്ക്ക്**

**അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2026 ആകുമ്പോഴേക്കും സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് എത്ര തൊഴിലവസരങ്ങൾ നല്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നതെന്നും അതുവഴി സംസ്ഥാനത്തെ തൊഴിലില്ലായ്മ എത്രത്തോളം പരിഹരിക്കാനാണ് ഉദ്ദേശിയ്ക്കുന്നതെന്നും വിശദമാക്കുമോ; | (എ) | തൊഴിലില്ലാത്ത 20 ലക്ഷം അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് ബൃഹത്തായ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും തൊഴിൽ മേളകൾ നടത്തിയതിനൊപ്പം കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കായി പ്രത്യേകം തൊഴിൽ മേളകളും ഓൺലൈൻ തൊഴിൽ മേളകളും പരീക്ഷണാടിസ്ഥാനത്തിൽ നടത്തി. തൊഴിലില്ലാത്ത അഭ്യസ്ത വിദ്യാർത്ഥികൾക്ക് അത്യാധുനിക ഡിജിറ്റൽ നൈപുണ്യ പരിശിലനം നൽകുന്നതിനായി കേരള നോളജ് എക്കോണമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. 7 ലക്ഷം തൊഴിലവസരങ്ങളുടെ വിവരം ലഭ്യമാക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീയുമായി കരാറിലേർപ്പെട്ടു. ഫ്രീലാൻസ് ജോലികൾക്കായുള്ള അന്താരാഷ്ട്ര തലത്തിലുള്ള ഫ്രിലാൻസ് പ്ലാറ്റ്ഫോമുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നിരവധി പദ്ധതികൾ തൊഴിൽ രഹിതർക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ശരണ്യ, കെസ്റ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ, നവജീവൻ എന്നീ പേരുകളിൽ 5 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാനും, ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും, ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചു വഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർ വഴി |

| | | | |
|---|---|---|---|
| | | | സ്വകാര്യമേഖലയിലും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ എന്നിവ വഴി വിവിധ പരിശീലന പരിപാടികളും, പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ധനുസ്സ് പദ്ധതി വഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് വകുപ്പ് വഴി നൽകി വരുന്നുണ്ട്. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന ശരണ്യ, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്, കെസ്റു, നവജീവൻ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യർക്ക് 2026 വരെ ആകെ 19,500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 2026 ആകുമ്പോഴേക്കും സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ മുഖേന രണ്ട് ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സർക്കാർ ഐ.ടി.പാർക്കുകൾ മുഖേന ഏകദേശം 57000/-ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | അതിൽ സ്റ്റാർട്ട് അപ്പുകൾ മുഖേനയും മറ്റിതര മാർഗ്ഗങ്ങൾ മുഖേനയും എത്രവീതം തൊഴിലവസരങ്ങൾ നല്കാനാണ് ഉദ്ദേശിയ്ക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | തൊഴിലില്ലാത്ത 20 ലക്ഷം അഭ്യസ്തവിദ്യർക്ക് ഡിജിറ്റൽ മേഖലയിൽ തൊഴിൽ നൽകുന്നതിന് ബൃഹത്തായ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും തൊഴിൽ മേളകൾ നടത്തിയതിനൊപ്പം കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്കായി പ്രത്യേകം തൊഴിൽ മേളകളും ഓൺലൈൻ തൊഴിൽ മേളകളും പരീക്ഷണാടിസ്ഥാനത്തിൽ നടത്തി. തൊഴിലില്ലാത്ത അഭ്യസ്ത വിദ്യാർത്ഥികൾക്ക് അത്യാധുനിക ഡിജിറ്റൽ നൈപുണ്യ പരിശിലനം നൽകുന്നതിനായി കേരള നോളജ് എക്കോണമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. 7 ലക്ഷം തൊഴിലവസരങ്ങളുടെ വിവരം ലഭ്യമാക്കാൻ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീയുമായി കരാറിലേർപ്പെട്ടു. ഫ്രീലാൻസ് ജോലികൾക്കായുള്ള അന്താരാഷ്ട്ര തലത്തിലുള്ള ഫ്രിലാൻസ് പ്ലാറ്റ്ഫോമുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നിരവധി പദ്ധതികൾ തൊഴിൽ രഹിതർക്കുവേണ്ടി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ശരണ്യ, കെസ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബുകൾ, നവജീവൻ എന്നീ പേരുകളിൽ 5 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാനും, ജില്ലാ |

| | | | |
|---|---|---|---|
| | | | ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും, ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചു വഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർ വഴി സ്വകാര്യമേഖലയിലും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ എന്നിവ വഴി വിവിധ പരിശീലന പരിപാടികളും, പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ധനുസ്സ് പദ്ധതി വഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് വകുപ്പ് വഴി നൽകി വരുന്നുണ്ട്. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന ശരണ്യ, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്, കെസ്റു, നവജീവൻ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യർക്ക് 2026 വരെ ആകെ 19,500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 2026 ആകുമ്പോഴേക്കും സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ മുഖേന രണ്ട് ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സർക്കാർ ഐ.ടി.പാർക്കുകൾ മുഖേന ഏകദേശം 57000/-ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ നിലവിലെ തൊഴിലില്ലായ്മ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | 19/08/2022 തീയതി അടിസ്ഥാനമാക്കി സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 30,38,748 അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി. പാർക്കുകൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവയുടെ ഏകോപനം ഉറപ്പാക്കി തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ലക്ഷ്യം കൈവരിക്കാനായി സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ഡി) | മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇഗ്നൈറ്റ് പദ്ധതിയുടെ ഭാഗമായി 5 വർഷം കൊണ്ട് 5000/-ലധികം ബിരുദധാരികൾക്ക് സർക്കാർ ഗ്രാന്റോടുകൂടി 6 മാസം ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് നടത്തുവാനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ